# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/5/2020-EB(1)

തിരുവനന്തപുരം, തീയതി, 31.03.2020
website: www.cooperation.kerala.gov.in
e-mail: keralarcs.coop@kerala.gov.in

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം - സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടറുടെ സ്ഥലംമാറ്റം - ചുമതല കൈമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം: -1.ജോയിന്റ് ഡയറക്ടർ (ആഡിറ്റ് ) തിരുവനന്തപുരത്തിന്റെ 18.03.2020 ലെ A1/451/2020 നമ്പർ കത്ത്
2.ജോയിന്റ് രജിസ്ട്രാർ(ജനറൽ)മലപ്പുറത്തിന്റെ 9.03.2020 ലെ JRMPM/59/2020-E നമ്പർ കത്ത്

..........

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് സർവ്വീസ് സഹകരണ ബാങ്ക് അസിസ്റ്റന്റ് രജിസ്ട്രാർ/ചീഫ് എക്സിക്യൂട്ടീവ് എന്നീ തസ്തികകളുടെ കാലാവധി 31.03.2020ന് അവസാനിക്കുമെന്ന് പരാമർശം(1) (2) പ്രകാരം അറിയിച്ചിട്ടുള്ളതിനാൽ ടി തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ചുവടെ പേരു പറയുന്ന അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാരെ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

COVID-19-ന്റെ പശ്ചാത്തലത്തിൽ സർക്കാരും, പ്രാദേശിക ഭരണ സ്ഥാപനങ്ങളും പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരണമായുള്ള മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് സ്ഥലമാറ്റത്തെ തുടർന്നുള്ള ചുമതലകൈമാറ്റം ക്രമീകരിക്കേണ്ടതാണ്.

| ക്രമ നം. | പേരും, നിലവിലുള്ള തസ്തികയും | സ്ഥലം മാറ്റി നിയമിക്കുന്ന തസ്തിക |
|---|---|---|
| 1 | ശ്രീ. കെ. പ്രകാശ്, അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, നെയ്യാറ്റിൻകര പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ | അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, സ്പേസ് സെന്റർ എംപ്ലോയീസ് സഹകരണ സംഘം, തിരുവനന്തപുരം |
| 2 | ശ്രീ. എ.വി.ശശികുമാർ, അസിസ്റ്റന്റ് രജിസ്ട്രാർ/ചീഫ് എക്സിക്യൂട്ടീവ്, കരുവാരക്കുണ്ട് സർവ്വീസ് സഹകരണ ബാങ്ക്, മലപ്പുറം | അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, പൊന്നാനി സഹകരണ അർബൻ ബാങ്ക്, മലപ്പുറം |

മേൽ സ്ഥലം മാറ്റത്തോടനുബന്ധിച്ച് ചുമതല കൈമാറുന്നതിനും, ചുമതല ഏറ്റെടുക്കുന്നതിനും നിർദ്ദേശം നൽകി ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

| ക്രമ നം. | പേരും, നിലവിലുള്ള തസ്തികയും | നിലവിലുള്ള തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ആഫീസർ | പുതിയ തസ്തികയുടെ ചുമതല നൽകേണ്ട ആഫീസർ |
|---|---|---|---|
| 1 | ശ്രീ. കെ. പ്രകാശ്, അസിസ്റ്റന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ, നെയ്യാറ്റിൻകര പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ | അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ് ), നെയ്യാറ്റിൻകര | അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ് ), തിരുവനന്തപുരം |
| 2 | ശ്രീ. എ.വി.ശശികുമാർ, അസിസ്റ്റന്റ് രജിസ്ട്രാർ/ചീഫ് എക്സിക്യൂട്ടീവ്, കരുവാരക്കുണ്ട് സർവ്വീസ് സഹകരണ ബാങ്ക്, മലപ്പുറം | പ്രസിഡന്റിന്റെ നിർദ്ദേശാനുസരണം ചുമതല കൈമാറേണ്ടതാണ് | അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) ആഫീസ്, മലപ്പുറം |

ഈ ഉത്തരവിന് അടിയന്തിര പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ ചുമതല അധിക ചുമതലയായി വഹിക്കുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ആഫീസർക്ക് കൈമാറേണ്ടതാണ്.

ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറിയതിന്റെയും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുത്തതിന്റെയും ചുമതലാ കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് കൃത്യമായി അയയ്ക്കേണ്ടതാണ്.

(ഒപ്പ്)
പി.എസ്. മനോജ്
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തിക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
4) ജോയിന്റ് രജിസ്ട്രാർ (ജനറൽ), മലപ്പുറം
5) ജോയിന്റ് ഡയറക്ടർ(ആഡിറ്റ്), തിരുവനന്തപുരം, മലപ്പുറം
6) ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം, മലപ്പുറം
7) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)